പുറത്തെഴുത്ത് നം. എച്ച്(2)/42465/2019/ഡി.ജി.ഇ/കെ.ഡിസ്

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി : 06..05..2022.

സർക്കുലറിന്റെ പകർപ്പ് എല്ലാ വിദ്യാഭ്യാസ ഓഫീസർമാരുടേയും അറിവിലേക്കും അനന്തര നടപടികൾ സ്വീകരിക്കുന്നതിനായും അയക്കുന്നു. ഇതിനകം നിരസിക്കപ്പെട്ടിട്ടുള്ള നിയമനാംഗീകാര പ്രൊപ്പോസലുകൾ ഈ സർക്കുലറിന്റെ വെളിച്ചത്തിൽ അപ്പലേറ്റ് ഉത്തരവ് കൂടാതെ തന്നെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സമന്വയ മുഖേന റീ-ഓപ്പൺ ചെയ്ത് പുനഃപരിശോധിക്കേണ്ടതാണ്. അപ്പീലധികാരികളുടെ പക്കൽ ഈ വിഷയത്തിൽ നിലവിലുള്ള അപ്പീലുകൾ സമന്വയയിൽ ഡിസ്പോസ് ചെയ്യേണ്ടതുമാണ്.

സി.എ.സന്തോഷ്
**(PEN-362891)**
പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ
(ജനറൽ)

**സ്വീകർത്താവ്:-**

(1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
(2) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
(3) സൂപ്രണ്ട്, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ എഫ്, ജി., ഇ സെക്ഷനുകൾ.

**പകർപ്പ് :-**

1) എല്ലാ സ്കൂൾ മാനേജർമാർക്കും (വെബ്സൈറ്റ്/വിദ്യാഭ്യാസ ഓഫീസർമാർ മുഖാന്തിരം).
2) വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

SSN

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ജെ1/218/2021/പൊവിവ

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

തിരുവനന്തപുരം,

തീയതി: 11-04-2022

## സർക്കുലർ

വിഷയം:- പൊ.വി.വ -എയ്ഡഡ് പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർമാരായുള്ള താൽക്കാലിക പ്രമോഷൻ-പൊതു നിർദ്ദേശം- സംബന്ധിച്ച്

സൂചന:- 16/02/2021 ലെ ജെ.1/19/2021/പൊ.വി.വ. നം സർക്കുലർ

കുട്ടികൾക്ക് സൗജന്യവും നിർബ്ബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുള്ള കേരള ചട്ടങ്ങൾ, 2011-ലെ( Kerala RTE Rules,2011) ചട്ടം 18(1)-ൽ പ്രഥമാദ്ധ്യാപകനിയമനത്തിന് 50 വയസ്സ കഴിഞ്ഞവർക്ക് ടെസ്റ്റ് യോഗ്യതയിൽ ഇളവ് ഏർപ്പെടുത്തി പുറപ്പെടുവിച്ച ഭേദഗതി ഉത്തരവിന്മേൽ സ്റ്റാറ്റസ് ക്വോ പാലിക്കുന്നതിന് ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവിട്ടിരുന്നു. അതിനെ തുടർന്ന്, എയ്ഡഡ് പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർമാരെ താൽക്കാലികമായി പ്രൊമോട്ടു ചെയ്തു നിയമിക്കുന്നതിനു വ്യവസ്ഥ ചെയ്തിട്ടുള്ള കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 45C നടപ്പാക്കുന്ന കാര്യത്തിൽ സംശയങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

2) റഗുലറായി പ്രൊമോട്ടു ചെയ്തു നിയമിക്കപ്പെടാൻ നിർദ്ദിഷ്ട യോഗ്യതയുള്ളവരില്ലാത്ത സാഹചര്യത്തിൽ മാത്രമാണ് കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 45C അനുസരിച്ച് സീനിയർമോസ്റ്റ് ടീച്ചറെ താൽക്കാലികമായി ഹെഡ്മാസ്റ്ററായി പ്രൊമോട്ടു ചെയ്തു നിയമിക്കുന്നത്. 2011-ലെ( Kerala RTE Rules,2011) ചട്ടം 18(1)-ൽ പ്രഥമാദ്ധ്യാപകനിയമനത്തിന് 50 വയസ്സ കഴിഞ്ഞവർക്ക് ടെസ്റ്റ് യോഗ്യതയിൽ ഇളവ് ഏർപ്പെടുത്തിയ ചട്ടഭേദഗതിയിന്മേൽ സ്റ്റാറ്റസ് ക്വോ പാലിക്കാനുള്ള ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് നിലനിൽക്കുന്നുണ്ട്. സർക്കാർ, എയ്ഡഡ്

മേഖലകളിലെ പ്രൈമറി സ്കൂളുകൾക്ക് ഒരുപോലെ ബാധകമായ Kerala RTE Rules,2011 ലെ ഒരു ചട്ടത്തിൽ വരുത്തിയ ഭേദഗതിയിന്മേലുള്ള സ്റ്റാറ്റസ് ക്വോ ഉത്തരവ് സ്വാഭാവികമായും രണ്ടു മേഖലയ്ക്കും ബാധകമാണെന്നു വിലയിരുത്താവുന്നതാണ്. അതുകൊണ്ട്, കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 4 5 C അനുസരിച്ചുള്ള തീരുമാനങ്ങളെടുക്കുമ്പോഴും അവ ബഹു: കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിൽ നിലനിൽക്കുന്ന കേസുകളിലുണ്ടാകുന്ന അന്തിമവിധിയ്ക്ക് വിധേയമായിരിക്കും.

3) മേല്പറഞ്ഞ സാഹചര്യത്തിൽ, ചുവടെ പറയുന്ന സ്പഷ്ടീകരണങ്ങൾ പുറപ്പെടുവിക്കുന്നു

എ) സീനിയോരിറ്റി ലിസ്റ്റിൽ ടെസ്റ്റ് യോഗ്യത നേടിയ അദ്ധ്യാപകർ മാത്രമുണ്ടെങ്കിൽ അല്ലെങ്കിൽ ആദ്യ സ്ഥാനത്ത് വരുന്നുണ്ടെങ്കിൽ അത്തരം സീനിയോരിറ്റി ലിസ്റ്റിൽ നിന്നും ടെസ്റ്റ് യോഗ്യത നേടിയ അദ്ധ്യാപകനെ ഹെഡ്മാസ്റ്റർ ആയി പ്രൊമോട്ട് ചെയ്യാവുന്നതാണ്.

ബി) ടെസ്റ്റ് യോഗ്യത നേടാത്തവരും 50 വയസ്സു കഴിഞ്ഞവരുമായ അദ്ധ്യാപകർ മാത്രം ഉൾപ്പെട്ടിട്ടുള്ള സീനിയോരിറ്റി ലിസ്റ്റിൽ നിന്നും കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 45C അനുസരിച്ച് സീനിയോരിറ്റി അടിസ്ഥാനമാക്കി ഹെഡ്മാസ്റ്ററായി താൽക്കാലിക നിയമനം നൽകാവുന്നതാണ്. താൽക്കാലികമായി നിയമിക്കുന്ന കേസുകളിൽ "ബഹു: കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിൽ നിലനില്ക്കുന്ന കേസുകളിലുണ്ടാകുന്ന അന്തിമവിധിയ്ക്ക് വിധേയമായാണ് നിയമനാംഗീകാരം നല്കുന്നതെന്ന്" വ്യക്തമാക്കി വേണം ഉത്തരവ് പുറപ്പെടുവിക്കേണ്ടത്. അപ്രകാരം നിയമിതരായ ഹെഡ്മാസ്റ്ററുടെ ശമ്പളനിർണ്ണയം ചട്ടം 45C(5) അനുസരിച്ച് നിർണ്ണയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ 16/02/2021 ലെ ജെ.1/19/2021/പൊ.വി.വ. സർക്കുലറിലെ ഖണ്ഡിക 6 ലെ സ്പഷ്ടീകരണം പിന്തുടരാവുന്നതാണ്.

സി) 50വയസ്സു കഴിയാത്തവരും ടെസ്റ്റ് യോഗ്യത നേടാത്തവരുമായ അദ്ധ്യാപകർ മാത്രം ഉൾപ്പെട്ട സീനിയോരിറ്റി ലിസ്റ്റിൽ നിന്നും താൽക്കാലിക ഹെഡ്മാസ്റ്ററായി മാത്രമാണ് നിയമനം നടത്തേണ്ടത്. മറ്റു യോഗ്യതയുള്ളവർ റഗുലറായി നിയമിക്കപ്പെടാൻ അർഹതയില്ലാത്ത സാഹചര്യത്തിൽ മാത്രമാണ് കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 45C അനുസരിച്ച് സീനിയോരിറ്റി മാത്രം അടിസ്ഥാനമാക്കി താൽക്കാലിക ഹെഡ്മാസ്റ്ററായി നിയമിക്കുന്നത്. ആയതിനാൽ പ്രസ്തുത സീനിയോരിറ്റി ലിസ്റ്റിൽ നിന്നും കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 45C അനുസരിച്ച് സീനിയോരിറ്റി മാത്രം അടിസ്ഥാനമാക്കി

താൽക്കാലിക ഹെഡ്മാസ്റ്ററായി ചട്ട പ്രകാരമുള്ള നിയമനം നടത്താവുന്നതാണ്. ഇക്കാര്യത്തിൽ 16/02/2021 ലെ ജെ.1/19/2021/പൊ.വി.വ. സർക്കുലറിലെ ഖണ്ഡിക 6 ലെ സ്പഷ്ടീകരണം ബാധകമാവുന്നതാണ്.

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by Deepa P R

Date: 11-04-2022 17:10:23

സെക്ഷൻ ഓഫീസർ.

പകർപ്പ്

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും, ജില്ലാ/ഉപജില്ല വിദ്യാഭ്യാസ ഓഫീസർ മാർക്കും (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, KITE, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഡയറക്ടർ, (വെബ് ന്യൂ മീഡിയ)/പ്രസ്സ് റിലീസ്, ഇൻഫർമേഷൻ& പബ്ലിക്ക് റിലേഷൻസ് വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.